©
**കേരള സർക്കാർ**
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 15** Vol. XV | **തിരുവനന്തപുരം, വെള്ളി** Thiruvananthapuram, Friday | **2026 ഫെബ്രുവരി 06** 06th February 2026 **1201 മകരം 23** 23rd Makaram 1201 **1947 മാഘം 17** 17th Magha 1947 | **നമ്പർ** No. | **513** |

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 11/2026/തൊഴിൽ *തിരുവനന്തപുരം, 2026 ഫെബ്രുവരി 4*

*1201 മകരം 21.*

**എസ്. ആർ. ഒ. നമ്പർ 166/2026**

കേരള സംസ്ഥാനത്തിനകത്ത് ജോലി ചെയ്തുവരുന്ന ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കുവേണ്ടി കേരള സർക്കാർ 2010 മാർച്ച് 29-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) 46/2010/തൊഴിൽ എന്ന വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 2010 മാർച്ച് 29-ാം തീയതിയിലെ 770-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതും, 2010 ആഗസ്റ്റ് 20-ാം തീയതിയിലെ സ.ഉ. (എംഎസ്.) 102/10/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും, 2010 ആഗസ്റ്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

27-ാം തീയതിയിലെ 1979-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതും, 2019 ജനുവരി 18-ാം തീയതിയിലെ സ.ഉ. (കൈ.) 4/2019/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും, 2019 ജനുവരി 22-ാം തീയതിയിലെ 153-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതും 2021 ഫെബ്രുവരി 13-ാം തീയതിയിലെ സ.ഉ. (അച്ചടി) നം.23/2021/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2021 ഫെബ്രുവരി 16-ാം തീയതിയിലെ 751-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനങ്ങൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ടതുമായ, 2010-ലെ കേരള കുടിയേറ്റതൊഴിലാളി ക്ഷേമ പദ്ധതി, പ്രസ്തുത പദ്ധതിയിലെ ഖണ്ഡിക 26-ൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് താഴെപ്പറയും പ്രകാരം ഭേദഗതിചെയ്യുന്നു, അതായത്:–

**പദ്ധതി**

1. ചുരുക്കപ്പേരും, പ്രാരംഭവും.–(1) ഈ പദ്ധതിയ്ക്ക് 2025-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.–2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ,–(1) 2-ാം ഖണ്ഡികയിലെ (എച്ച്) ഉപഖണ്ഡികയിലെ (iii)-ാം ഖണ്ഡത്തിലെ “10,000” എന്ന അക്കത്തിന് പകരം “25,000” എന്ന അക്കം ചേർക്കേണ്ടതാണ്.

(2) (i) 4-ാം ഖണ്ഡികയിൽ (1)-ാം ഉപഖണ്ഡികയിൽ “30” എന്ന അക്കങ്ങൾക്ക് പകരം “50” എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

(ii):– (2)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്.

“(2) ഉപഖണ്ഡിക (1) പ്രകാരം ഓരോ വർഷവും സമാഹരിക്കുന്ന തുകയോടൊപ്പം ഓരോ വർഷവും നിധിയിലേക്ക് സർക്കാർ 90 രൂപ ധനസഹായമായി നൽകേണ്ടതാണ്”.

(iii) (3)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്.

“ഉപഖണ്ഡിക (1) പ്രകാരം ഓരോ വർഷവും സമാഹരിക്കുന്ന തുകയോടൊപ്പം ഓരോ വർഷവും കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്, നിധിയിലേക്ക് 90 രൂപ നൽകേണ്ടതാണ്”.

(3) 7-ാം ഖണ്ഡികയിലെ (2)-ാം ഉപഖണ്ഡികയിലെ കുറിപ്പ് (2)-ന് ശേഷം താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്,–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"കുറിപ്പ് (3):– കുറിപ്പ് (1)-ലും (2)-ലും നിർദ്ദേശിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ ജില്ല എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം അംഗങ്ങളെ പദ്ധതിയിൽ ചേർക്കാവുന്നതാണ്".

(4) 9-ാം ഖണ്ഡികയിലെ (2)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെ പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്,അതായത്:–

"അംഗത്വമെടുക്കുന്ന കാലയളവ് മുതൽ ഒരു വർഷം പൂർത്തിയാകുന്ന കാലയളവിനുള്ളിൽ നിധിയിലേയ്ക്കുള്ള വാർഷിക അംഗത്വ ഫീസ് ഒടുക്കേണ്ടതും സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുമാണ്. ടി കാലാവധി പൂർത്തിയായതിനുശേഷം അടുത്ത മാസം അവസാന തീയതി വരെ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. അംഗത്വം പുതുക്കാത്ത കാലയളവിൽ യാതൊരു ആനുകൂല്യത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ല. "താൻ കുടിയേറ്റതൊഴിലാളിയായി തുടരുന്നുണ്ട്" എന്നുള്ള സാക്ഷ്യപത്രം എല്ലാ വർഷവും മാർച്ച് മാസം 31-ന് അകം ഓരോ അംഗവും ജില്ലാ എക്സിക്യൂട്ടീവ് ആഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്. ഏതു കാലയളവിൽ അംഗത്വമെടുത്താലും മാർച്ച് 31-ന് അകം കുടിയേറ്റ തൊഴിലാളിയായി തുടരുന്നുണ്ട് എന്ന സാക്ഷ്യപത്രം അംഗങ്ങൾ സമർപ്പിച്ചിരിക്കേണ്ടതാണ്. എല്ലാ വർഷവും ഫെബ്രുവരി 01 മുതൽ മാർച്ച് 31 വരെ ഇക്കാര്യത്തിനായി വാർഷിക അംഗത്വ ഫീസ് ഒടുക്കി സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. പുതുതായി അംഗത്വമെടുക്കുന്നവർ ഏതു കാലയളവിൽ അംഗത്വമെടുത്താലും മാർച്ച് 31-ന് ഒരു വർഷ അംഗത്വ കാലയളവ് പൂർത്തിയാക്കിയില്ലെങ്കിലും അടുത്ത ഒരു വർഷത്തേയ്ക്ക് കൂടിയുള്ള വാർഷിക അംഗത്വ ഫീസ് ഒടുക്കേണ്ടതാണ്. സാക്ഷ്യപത്രം അനുബന്ധത്തിലെ ഫോറം നം.(3)-ൽ ആയിരിക്കേണ്ടതും അതിൽ ഖണ്ഡിക 7(2)-ലെ കുറിപ്പ് (2)-ൽ പരാമർശിച്ച ആരെങ്കിലും നൽകിയിട്ടുള്ളതും ആയിരിക്കേണ്ടതും ആണ്. കുടിയേറ്റ തൊഴിലാളിയാണെന്ന സാക്ഷ്യപത്രവും വാർഷിക അംഗത്വ ഫീസും ഓൺലൈനായി ഒടുക്കാവുന്നതാണ്. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ അംഗത്വം പുതുക്കി നൽകാവുന്നതാണ്. നിർദ്ദിഷ്ട സമയത്തിനു ശേഷം സമർപ്പിക്കുന്ന സാക്ഷ്യപത്രം കാലതാമസത്തിന്റെ മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സ്വീകരിക്കാവുന്നതാണ്."

(5) 13-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെ പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്.

"മൂന്ന് വർഷത്തിൽ കുറയാത്തകാലം അംഗത്വ ഫീസ് അടച്ച്, തൊഴിൽ അവസാനിപ്പിക്കുന്ന അംഗത്തിന് പൂർത്തിയാക്കിയ ഓരോ വർഷത്തിനും 1,000 രൂപ (ആയിരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രൂപ) നിരക്കിൽ പരമാവധി 10,000 രൂപ (പതിനായിരം രൂപ) എന്ന നിബന്ധനയിൽ നിധിയിൽ നിന്നും ടെർമിനൽ ബെനിഫിറ്റായി പ്രത്യേക ധനസഹായം നൽകുന്നതാണ്."

(6) അദ്ധ്യായം IV-ൽ 15-ാം ഖണ്ഡികയ്ക്ക് ശേഷം താഴെ പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:–

"15(എ) സോഫ്റ്റ് വെയർ/മൊബൈൽ ആപ്പ് – മുൻ ഖണ്ഡികകളിൽ എന്തു തന്നെ പറഞ്ഞിരുന്നാലും വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി ബോർഡ് നിശ്ചയിക്കുന്ന സോഫ്റ്റ് വെയർ / മൊബൈൽ ആപ്പ് മുതലായവ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.".

ഗവർണറുടെ ഉത്തരവിൻപ്രകാരം,

ഷാനവാസ് എസ്.,
*സ്പെഷ്യൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്).

അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വന്ന് ജോലി ചെയ്യുന്ന കുടിയേറ്റ തൊഴിലാളികൾക്ക് വേണ്ടിയുള്ള 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് അംഗത്വം പുതുക്കി നൽകുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരം നൽകുന്നതിനും, ടെർമിനൽ ബെനിഫിറ്റ് അനുവദിക്കുന്നതിൽ നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുന്നതിനും, കുടിയേറ്റ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് അംഗത്വത്തെ ബാധിക്കാത്ത തരത്തിൽ വരുമാന പരിധി വർദ്ധിപ്പിക്കുന്നതിനും, പ്രതിവർഷം ഒരു പ്രാവശ്യം മാത്രം നൽകേണ്ട തൊഴിലാളികളുടെ അംഗത്വ ഫീസ് വർദ്ധിപ്പിക്കുന്നതിനും, കുടിയേറ്റ തൊഴിലാളിയാണെന്ന് തെളിയിക്കുന്നതിന് സർട്ടിഫിക്കറ്റ് നൽകുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരം നൽകുന്നതിനും, ബോർഡ് നിശ്ചയിക്കുന്ന സോഫ്റ്റ് വെയർ/ മൊബൈൽ ആപ്പ് മുതലായവ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനും വേണ്ടി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി ഭേദഗതികൾ ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.06 07:17:46 +05:30